# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.275 - 29/06/2016 - ലെ മറുപടിക്ക്**

## പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഡോ.റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്തെ പദ്ധതി നിർവ്വഹണം അവലോകനം ചെയ്തിരുന്നോ, വിശദാംശം നൽകുമോ; | മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവ്വഹണം അവലോകനം ചെയ്തിരുന്നു. എല്ലാ മാസവും ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ അവലോകനം നടത്തിയിരുന്നു. കൂടാതെ മുഖ്യമന്ത്രി തലത്തിലും പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്. |
| (ബി) 2011-12 മുതൽ ഉള്ള ഓരോ വർഷവും നിശ്ചയിച്ച പദ്ധതി വിഹിതം എത്രയായിരുന്നു എന്നും എത്ര തുക ചെലവഴിച്ചു എന്നും അറിയിക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് (Accounts at a Glance) പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതിയുടെ ബജറ്റ് എസ്റ്റിമേറ്റിന്റെയും ചെലവഴിച്ചതുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

| വർഷം | ബജറ്റ് എസ്റ്റിമേറ്റ് | ചെലവഴിച്ചത് | ചെലവഴിച്ച തുക ബജറ്റ് എസ്റ്റിമേറ്റിന്റെ അനുപാതത്തിൽ (%) |
|---|---|---|---|
| 2011-12 | 11141.53 | 9141.99 | 82.05 % |
| 2012-13 | 12627.37 | 10848.05 | 85.91 % |
| 2013-14 | 16187.59 | 11108.81 | 68.63 % |
| 2014-15 | 23342.69 | 14406.71 | 61.72 % |
| 2015-16 | 21570.32 | 18059.05** | 83.72 % |

(**താല്കാലിക കണക്ക് പ്രകാരം)

കുറിപ്പ്: LSGD ഒഴികെയും CSS ഉൾപ്പെടെയും

| | |
|---|---|
| (സി) പദ്ധതികൾക്കായി അനുവദിച്ച തുകയിൽ, ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ കിടക്കുന്ന തുകയെത്ര യെന്ന് കണക്കാക്കിയിട്ടുണ്ടോ; | 2005 മുതൽ 2012 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിന്റെ ഏകദ്ദേശം 10-15% വരുന്ന തുക ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്. എന്നാൽ പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിനായി, ഇപ്രകാരം മാറ്റിയിടുന്ന തുക അടുത്ത 6 മാസത്തിനുള്ളിൽ പൂർണ്ണമായും ചെലവാക്കാൻ കഴിയും എന്ന ബോധ്യമുള്ള പക്ഷം ഒരു ഇലക്ട്രോണിക്ക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് നീക്കി വയ്ക്കുന്നതിനുള്ള ഒരു സംവിധാനം 2015-16 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരി ക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി എല്ലാ പാദവർഷത്തിലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി അവലോകനം നടത്തുന്നതിന് സ.ഉ.(അ)നം.29/2016-ധന തീയതി 27/02/2016 പ്രകാരം ഒരു പ്ലാൻ എക്പൻഡീച്ചർ റിവ്യൂ കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്<br>കൂടാതെ എല്ലാ മാസവും നിശ്ചിത ദിവസത്തിൽ ജില്ലാതലത്തിലും വകുപ്പുതലത്തിലും പദ്ധതി അവലോകനം നടത്തുന്നതും സാമ്പത്തിക പുരോഗതിയ്ക്കു പുറമേ ഗുണപരമായും ഭൗതികമായുള്ള പദ്ധതി നിർവ്വഹണനേട്ടം വിലയിരുത്തുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ